**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 335** **06-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യാധിഷ്ഠിത മൂല്യവർദ്ധിതോല്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി. നന്ദകുമാർ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പുതുതായി അയ്യായിരം പേർക്കെങ്കിലും ഈ വർഷം തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ മത്സ്യാധിഷ്ഠിത മൂല്യവർദ്ധിതോല്പന്നങ്ങൾ വ്യാപകമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് അറിയിക്കാമോ; | (എ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ കൊല്ലം ശക്തികുളങ്ങരയിൽ നടത്തുന്ന ഫിഷ് പ്രോസസ്സിംഗ് സെന്ററിൽ സോളാർ ഡ്രയർ ഉപയോഗിച്ചു കൊണ്ട് ഗുണമേന്മയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. പ്രോസസ്സിംഗ് സെന്ററിന്റെ രൂപകൽപ്പനയും പരിപാലനവും കേന്ദ്രസർക്കാർ സ്ഥാപന മായ ICAR-CIFT -ന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ചെയ്തിരിക്കുന്നത്. കൂടാതെ ഉൽപ്പാദിക്കപ്പെടുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഗുണമേൻമ ICAR-CIFT-ന്റെ നിർദ്ദേശ ങ്ങൾക്ക് വിധേയമായിരിക്കും. മത്സ്യത്തിന്റെ വിപണനത്തിനായി സാഫ് വഴി മത്സ്യത്തൊഴിലാളി വനിതകൾക്ക് CIFT മുഖേന നിർമ്മിച്ച 20 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിങ് കിയോസ്കുകൾ നൽകുന്ന പദ്ധതിയിൽ 16 കിയോസ്കുകൾ നിലവിൽ നൽകി കഴിഞ്ഞു. കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് CIFT മുഖേന നടപ്പ് സാമ്പത്തിക വർഷത്തിൽ 2 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന 26 ഗ്രൂപ്പുകൾക്ക് ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻറിങ് കിയോസ്കുകൾ വിതരണം ചെയ്യുന്നതാണ്. തീരദേശ സ്വയം സഹായഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് മത്സ്യഫെഡ് ഫിഷ് മാർട്ടുകളിലൂടെ തൊഴിൽ ലഭ്യമാക്കി വരുന്നുണ്ട്. മത്സ്യത്തിൻറെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ മത്സ്യഫെഡ് ഫിഷ് മാർട്ട്, ഫ്രാഞ്ചൈസി മാർട്ട്, അന്തിപച്ച യൂണിറ്റ് എന്നിവിടങ്ങളിലൂടെ വിപണനം ചെയ്തു വരുന്നു. |
| (ബി) | ഇതിനുവേണ്ട പശ്ചാത്തല സൗകര്യമൊരുക്കാൻ മത്സ്യഫെഡ് വഴി നടത്താനുദ്ദേശിക്കുന്ന | (ബി) | മത്സ്യഫെഡ് വഴി കൂടുതൽ ഫിഷ് മാർട്ടുകളും, എല്ലാ നിയോജകമണ്ഡലങ്ങളിലും സഹകരണ സംഘം/ |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | | ബാങ്കു മായി ചേർന്ന് ഫ്രാഞ്ചൈസി മാർട്ടുകളും, കൂടുതൽ അന്തിപച്ച യൂണിറ്റുകളും ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഇതുവഴി കൂടുതൽ ഉപഭോക്താക്കൾക്ക് പ്രയോജനം ലഭ്യമാകുന്നു. |
| (സി) | കുടുംബശ്രീ മാതൃകയിൽ തീരശ്രീ രൂപീകരിച്ച് മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമ്പത്തികോന്നമനത്തിനുള്ള പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | മത്സ്യത്തൊഴിലാളി വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കികൊണ്ട് അവരുടെ സമഗ്ര വികസനത്തി നായും സാമ്പത്തിക സാമൂഹിക ഉന്നമനത്തിനായും 2010 മുതൽ സാഫ് വഴി തീരമൈത്രി എന്ന ബദൽ ജീവനോപാധി പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിലൂടെ 2 മുതൽ 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ഗ്രൂപ്പുകളാക്കി അവർക്കേറ്റവും അനുയോജ്യമായ ചെറുകിട തൊഴിൽ സംരംഭം ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക, സാങ്കേതിക, വിപണന സഹായങ്ങളും ആവശ്യമായ പരിശീലനങ്ങളും നൽകി വരുന്നു. മത്സ്യത്തൊഴിലാളി വനിതകളുടെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചു കൊണ്ട് അവർക്കു പ്രവർത്തന മൂലധനം റിവോൾവിങ് ഫണ്ടായി സാഫ് മുഖേന നൽകി വരുന്നു. തീരശ്രീ ഫിഷറീസ് വകുപ്പിൽ ഇപ്പോൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല. |
| (ഡി) | ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ മത്സ്യ വ്യാപാരത്തിന് പദ്ധതിയുണ്ടോ; ഇതിനായി സബ്സിഡിയോടുകൂടി ഇലക്ട്രിക് വാഹനങ്ങൾ വാങ്ങാൻ മത്സ്യഫെഡ് വായ്പ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | മത്സ്യഫെഡ് വഴി തിരുവനന്തപുരം ജില്ലയിൽ ഓൺലൈൻ മത്സ്യവ്യാപാരം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ മത്സ്യവ്യാപാരത്തിന് ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിന് മത്സ്യഫെഡ് വഴി നൽകുന്ന വായ്പകൾക്ക് സബ്സിഡി അനുവദിക്കുന്നതാണെന്ന് 2021-22 ബഡ്ജറ്റ് പ്രസംഗം നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ